പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1063

30.11.2018 -ലെ മറുപടിയ്ക്ക്

## തോട്ടം മേഖലയിൽ സീനിയറേജ് ഒഴിവാക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി. തോമസ് | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ)ചെറുകിട തോട്ടം മേഖലയിലെ പ്രതിസന്ധികൾ ലഘൂകരിക്കുന്നതിനായി തോട്ടങ്ങളിലെ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ നൽകേണ്ടിയിരുന്ന സീനിയറേജ് ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;<br><br>(ബി) വൻകിട തോട്ടം ഉടമകൾക്കും ഈ ആനുകൂല്യം ലഭിക്കുമോ;<br><br>സി) എങ്കിൽ വൻകിട തോട്ടം മേഖലയിൽ പ്രസ്തുത ആനുകൂല്യം നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; ഹാരിസൺ മലയാളം പ്ലാന്റേഷൻ പ്രസ്തുത ആനുകൂല്യം ആവശ്യപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ? | (എ), (ബി) & (സി)<br><br>തോട്ടം മേഖലയിലെ പ്രതിസന്ധിയും പരിഹാരവും സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെയും ടി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ എല്ലാ തോട്ടങ്ങളിലും റബ്ബർമരങ്ങൾ മുറിച്ചു മാറ്റുമ്പോൾ വനംവകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>റബ്ബർമരങ്ങൾ മുറിച്ച് മാറ്റുമ്പോൾ ഈടാക്കുന്ന സീനിയറേജ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു നിവേദനം ഹാരിസൺ മലയാളം ലിമിറ്റഡ് വൈസ് പ്രസിഡന്റ് 31-10-2016-ൽ തൊഴിലും നൈപുണ്യവും, എക്സൈസും വകുപ്പുമന്ത്രി മുഖാന്തരം ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു. |

Sreelekha

**സെക്ഷൻ ഓഫീസർ**